തേയില, കാപ്പി മേഖലയിൽ 1-1-2005 മുതൽ ക്ഷാമബത്ത പുനഃസ്ഥാപിച്ചപ്പോൾ നിലവിൽ ലഭിച്ചുകൊണ്ടിരുന്ന 42 രൂപ 54 പൈസയിൽ നിന്നും പ്രായപൂർത്തിയായവർക്ക് 48 രൂപ 18 പൈസയും 33 രൂപ 67 പൈസയിൽ നിന്നും പ്രായപൂർത്തിയാകാത്തവർക്ക് 38 രൂപ 14 പൈസയുമാണ് ലഭിക്കുന്നത്. ഇത് യഥാക്രമം 5 രൂപ 64 പൈസയുടെയും 4 രൂപ 67 പൈസയുടെയും വർദ്ധനവാണ്.

## മംഗല്യ പദ്ധതി

15 [*345] ശ്രീ.വി. കെ. സി. മമ്മത്കോയ :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

ശ്രീ. എം. വി. ജയരാജൻ :

,, ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അവശകുടുംബങ്ങൾക്കായി സർക്കാർ പ്രഖ്യാപിച്ച മംഗല്യ പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) എന്തെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് മംഗല്യ പദ്ധതിയുടെ അർഹതയുള്ള കുടുംബങ്ങളെ തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ക്ഷണിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത പദ്ധതിയ്ക്ക് പ്രതിവർഷം ആവർത്തന ചെലവായി കണക്കാക്കിയിട്ടുള്ള തുക എത്ര ; തന്നാണ്ടിൽ എന്ത് തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) "മംഗല്യ പദ്ധതി" നടപ്പിൽ വരുത്തുന്നതിന്റെ വിവിധവശങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) അർഹതയുള്ള കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തിരം കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ഡി) പ്രതിവർഷം 10 കോടി രൂപയാണ് ഈ പദ്ധതിയുടെ ആവർത്തന ചെലവായി കണക്കാക്കിയിട്ടുള്ളത്. പദ്ധതിയ്ക്കായി ഇതിനകം തുകയൊന്നും ചെലവഴിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly